## ഒരുമനസ്സ് നിലനിർത്തുവാനുള്ള മൂന്ന് സാരാംശങ്ങൾ

**I. ദൈവത്തിന്റെ നീക്കത്തിനായി പ്രാർഥനയാലും, ആത്മാവിനാലും, വചനത്താലും നമുക്ക് ഒരുമനസ്സ് നിലനിർത്തുവാൻ കഴിയും; നാം വചനത്തിൽ അധ്വാനിക്കുന്നവരും, പ്രാർഥനയിൽ അധ്വാനിക്കുന്നവരും, പരിശുദ്ധാത്മാവുമായി ഇടപെടുന്നതിൽ ഉത്സാഹമുള്ളവരും ആയിരിക്കണം**

- പ്രാർഥനയും, ആത്മാവും, വചനവുമാണ് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ശക്തിയുടെ മൂന്ന് സാരാംശങ്ങൾ
- വചനം പ്രചരിപ്പിക്കുവാനുള്ള ശക്തിയായി നമുക്ക് ആത്മാവ് ഉണ്ടായിരിക്കുവാൻ നാം പ്രാർഥിക്കണം
  - വചനത്താൽ നാം സാന്ദ്രീകരിക്കുകയും, സംരചിക്കുകയും, കുതിർക്കുകയുംപോലും വേണം
  - ഉള്ളിലും പുറമെയും, സാരാംശാപരമായും വ്യവസ്ഥാപരമായും ആത്മാവിനാൽ നിറഞ്ഞ ശക്തിയുള്ള വ്യക്തികളായിത്തീരണം
- നിസ്തുലമായ ഒരുമനസ്സ് നിലനിർത്തുന്നതിന്, പ്രാർഥന, ആത്മാവ്, വചനം എന്നിവയല്ലാതെ മറ്റൊരു മാർഗം എടുക്കുന്നതിനെക്കുറിച്ച് നാം ചിന്തിക്കരുത്; മറ്റേതൊരു രീതിയും വിയോജിപ്പിനും ഭിന്നതയ്ക്കും കാരണമാകും.

## ഒരുമനസ്സിലാകാൻ നാം വിശുദ്ധീകരിക്കപ്പെടണം

**II. വചനത്തിലൂടെയുള്ള വിശുദ്ധീകരണം ഭിന്നതയുടെ ഘടകങ്ങളോട് ഇടപെടുന്നതിലൂടെ ഒരുമയിൽ പരിണമിക്കുന്നു; സത്യം വിശുദ്ധീകരിക്കുകയും, വിശുദ്ധീകരണം ഒരുമയിൽ പരിണമിക്കുകയും ചെയ്യുന്നു**

- നാം വിശുദ്ധീകരിക്കപ്പെടുന്നുവെങ്കിൽ, ഭിന്നതയുടെ എല്ലാ ഘടകങ്ങളും എടുത്തുകളയപ്പെടുന്നതുകൊണ്ട് നാം സ്വതേ ഒന്നാണ്.
- യോഹന്നാൻ 17:17-23-ലെ ഈ വിശുദ്ധീകരണം നമ്മെ ത്രിയേക ദൈവത്തിൽ സൂക്ഷിക്കുന്നതുകൊണ്ട് വിശുദ്ധീകരണം യഥാർഥ ഒരുമയിൽ പരിണമിക്കുന്നുവെന്ന് നാം കാണുന്നു
  - ഒന്നായിരിക്കണമെങ്കിൽ, നാം ത്രിയേക ദൈവത്തിൽ ആയിരിക്കണം.
  - ത്രിയേക ദൈവത്തിലായിരിക്കാനുള്ള ഏക മാർഗം, ഭിന്നതയുടെ എല്ലാ ഘടകങ്ങളോടും ഇടപെടുന്ന വിശുദ്ധീകരിക്കുന്ന സത്യത്താലാണ്
  - ത്രിയേക ദൈവത്തിൽ കാക്കപ്പെടുന്നതിലൂടെ, നാം ഒന്നാണ്, എന്നാൽ നാം ത്രിയേക ദൈവത്തിൽനിന്ന് പുറത്താകുമ്പോഴെല്ലാം, നാം ഉടനെ വിഭജിക്കപ്പെടുന്നു
  - സത്യവചനം മുഖാന്തരമുള്ള വിശുദ്ധീകരണം ക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരുമയിൽ പരിണമിക്കുന്നു, അത് ത്രിയേക ദൈവത്തിന്റെ വിപുലമാക്കപ്പെട്ട ഒരുമയാണ്
- വിഭജനത്തിന്റെ നാല് ഘടകങ്ങൾ:
  - ലൗകികത / അതിമോഹം / സ്വയ-മഹത്വീകരണം / അഭിപ്രായങ്ങളും ധാരണകളും

## ഒരുമനസ്സിൽ ഒന്നായി തികഞ്ഞവരാക്കപ്പെടുവാനുള്ള മാർഗം

**III. നാം നമ്മിൽനിന്ന് പുറത്തുവന്ന് ത്രിയേക ദൈവത്തിലേക്ക് നീങ്ങുമ്പോൾ, നാം ഒന്നാകുകയും, ഒരുമനസ്സിൽ ഒന്നായി തികഞ്ഞവരാക്കപ്പെടുകയും ചെയ്യുന്നു**

- വിശുദ്ധീകരിക്കപ്പെടുകയെന്നാൽ നമ്മിൽനിന്ന് ത്രിയേക ദൈവത്തിലേക്ക് നീങ്ങുകയും നമ്മിൽ ജീവിക്കുവാൻ ക്രിസ്തുവിനെ അനുവദിക്കുകയും ചെയ്യുക എന്നാണ്; ഈ വിധത്തിൽ നാം ഒന്നായി തികഞ്ഞവരാക്കപ്പെടുന്നു
- ഈ വിശുദ്ധീകരണം സത്യമായ വചനത്താലും സത്യത്തിന്റെ ആത്മാവായ ആത്മാവിനാലും സംഭവിക്കുന്നു
  - നാം വചനത്തിലേക്ക് വരുമ്പോൾ, ബാഹ്യമായി നാം വചനത്തെ സ്പർശിക്കുന്നു, എന്നാൽ ആന്തരികമായി ആത്മാവ് നമ്മെ സ്പർശിക്കുന്നു; യാഥാർഥ്യത്തിന്റെ വചനത്താലും യാഥാർഥ്യത്തിന്റെ ആത്മാവിനാലും, നാം വിശുദ്ധീകരിക്കപ്പെടുന്നു.
  - നാം തുടർച്ചയായി വചനത്തെ സ്പർശിക്കുകയും ദിനംപ്രതി നമ്മെ സ്പർശിക്കുവാൻ ആത്മാവിനെ അനുവദിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം നമ്മുടെ പഴയ താമസസ്ഥലമായ നമ്മിൽനിന്ന്, നമ്മുടെ പുതിയ താമസസ്ഥലമായ ത്രിയേക ദൈവത്തിലേക്ക് നാം നീങ്ങും.
- തികവുപ്രാപിച്ച ഒരുമയാണ് യഥാർഥ കെട്ടുപണി; അത് ജീവനിലുള്ള വളർച്ചയാണ്
  - ഒന്നായി തികഞ്ഞവരാക്കപ്പെടുകയെന്നാൽ വിഭജനത്തിന്റെ നാല് ഘടകങ്ങളിൽ നിന്നും രക്ഷപെടുക എന്നാണ്
- പിതാവിൽ ജീവിക്കുകയും നമ്മിൽ ജീവിക്കുവാൻ ക്രിസ്തുവിനെ അനുവദിക്കുകയും പിതാവിന്റെ തേജസ്സിൽ, അവന്റെ ആവിഷ്കാരത്തിൽ ജീവിക്കുകയും ചെയ്യുന്നതാണ് യഥാർഥ ഒരുമ

## പ്രവർത്തിക്കുന്ന ദൈവമാകുവാനുള്ള പ്രാർഥന

**IV. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും പ്രവർത്തിക്കുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങളായിരിക്കത്തക്കവണ്ണം സാരാംശാപരമായും വ്യവസ്ഥാപരമായും ആത്മാവിനാൽ നിറഞ്ഞിരിക്കുന്നതിനായി നമുക്കാവശ്യമായ പ്രാർഥന പ്രവൃത്തികളുടെ പുസ്തകം കാണിക്കുന്നു**

- നമുക്കാവശ്യമായ പ്രാർഥന:
  - ആത്മാവിന്റെ പകർച്ച കൊണ്ടുന്ന
  - ധൈര്യത്തോടെ ദൈവവചനം സംസാരിക്കുവാൻ പരിശുദ്ധാത്മാവിനാൽ ശക്തരാക്കുന്ന
  - വചന ശുശ്രൂഷയുമായി പൊരുത്തപ്പെടുന്ന
  - സ്വർഗീയ ദർശനം പ്രാപിക്കുവാൻ ഒരു വിവശതയിലേക്ക് കൊണ്ടുവന്ന
  - കാരാഗൃഹത്തിന്റെ കവാടം തുറന്ന
  - കർത്താവിന് ശുശ്രൂഷിക്കുന്നതിലൂടെ അവന്റെ നിയോഗത്തിലേക്ക് കൊണ്ടുവന്ന
  - കാരാഗൃഹത്തിന്റെ അടിസ്ഥാനം ഇളക്കുകയും വാതിലു തുറന്ന്, കെട്ടുകൾ അഴിക്കുന്ന
  - വിവശതയിലേക്കും കർത്താവിന്റെ സംസാരത്തിലേക്കും കൊണ്ടുവന്ന

## ദൈവത്തിന്റെ വേല നിവർത്തിക്കുന്നതിനുള്ള രഹസ്യം

**V. സഭ കെട്ടുപണി ചെയ്യപ്പെടുന്നതിന് ദൈവത്തോടുകൂടെയുള്ള നമ്മുടെ വേല ഒരു ആത്മിക യുദ്ധമാണെന്നും പ്രാർഥന ദൈവത്തിന്റെ വേല നിവർത്തിക്കുന്നതിനുള്ള രഹസ്യമാണെന്നും പ്രവൃത്തികളുടെ പുസ്തകം കാണിക്കുന്നു**

- പ്രാർഥനയില്ലായ്മ ഒരു പാപമാണ്; കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള എല്ലാവരും പ്രാർഥിക്കുന്നവരും പ്രാർഥനയില്ലായ്മ എന്ന പാപത്തിനെതിരെ നിൽക്കുന്നവരുമായിരിക്കണം